**തിരുവനന്തപുരം ജലസേചനവും ഭരണവും**
**ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
**(ഹാജർ:-അലക്സ് വർഗ്ഗീസ്)**

വിഷയം:-ജലസേചനം -വിജിലൻസ് -ശ്രീ.റഷീദ്.പി.എസ്., ലസ്കർ, ഇറിഗേഷൻ സെക്ഷൻ, മൂലമറ്റം ശൂന്യവേതനാവധിക്ക് ശേഷം തിരികെ ജോലിയിൽ പ്രവേശിക്കാത്തത് - സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് അച്ചടക്ക നടപടി അവസാനിപ്പിച്ച്കൊണ്ട് ഉത്തരവാകുന്നു.

പരാമർശം::- . 1)10.12.2019 -ലെ തിരുവനന്തപുരം, ഇറിഗേഷൻ സൗത്ത് സർക്കിൾ, സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഇ.ബി. 4- 2047/18/ഐ.എസ്.സി. നമ്പർ കത്ത്

2) 04.09.2020 -ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

3)18.10.2021-ലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്

4)20.12.2021 - ലെ ഈ കാര്യാലയത്തിലെ ഇതേനമ്പർ കാരണം കാണിക്കൽ നോട്ടീസ് .

**ഉത്തരവ് നമ്പർ വിജി. 2/29830/2019 തീയതി 20/5/2022**

മൂലമറ്റം, ഇറിഗേഷൻ സെക്ഷനിൽ ലസ്കറായി ജോലി ചെയ്തു വരവെ കെ.എസ്.ആർ. പാർട്ട്-1 അനുബന്ധം 12 എ വ്യവസ്ഥകൾക്ക് വിധേയമായി വിദേശത്ത് ജോലി ചെയ്യുന്നതിനായി സർക്കാർ ഉത്തരവ് (സാധാ) നമ്പർ 747/07 ജവിവ തിയതി 04.06.2007 പ്രകാരം 25.06.2007 അപരാഹ്നം മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. തുടർന്ന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 211/2013/ജവിവ തിയതി 28.02.2013 പ്രകാരം 24.06.2017 വരെ അവധി ദീർഘിപ്പിച്ചിരുന്നു. അനുവദിക്കപ്പെട്ട ശൂന്യ വേതനാവധി 24.06.2017-ന് അവസാനിച്ചിട്ടുള്ളതും 25/06/2017-ന് തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതുമായിരുന്നു. എന്നാൽ പ്രസ്തുത തിയതിയിൽ ജോലിയിൽ പുന പ്രവേശിക്കുകയോ അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന വിവരം പരാമർശം (1) പ്രകാരം തിരുവനന്തപുരം, ഇറിഗേഷൻ സൗത്ത് സർക്കിൾ, സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി.

1960-ലെ കേരള സിവിൽ സർവീസുകൾ (സി.സി. & എ) ചട്ടങ്ങൾക്കനുസരിച്ച് ടിയാന് 04.09.2020-ലെ വിജി.2/29830/2019 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും ടിയാന്റെ ലഭ്യമായ വിലാസത്തിൽ അയച്ചു. ആയത് ' Not Known' എന്ന കുറിപ്പോടെ തപാൽ വകുപ്പ് അധികാരി തിരികെ ലഭ്യമാക്കി. തുടർന്ന്, 2021 മാർച്ച് 31 ലെ ദേശാഭിമാനി പത്രത്തിൽ വിൻഡോ പരസ്യം നൽകി, 15 ദിവസങ്ങൾക്കുള്ളിൽ മറുപടി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

ആയതിനുശേഷവും ടിയാനിൽ നിന്നും യാതൊരു മറുപടിയും ലഭ്യമായില്ല. അതിനാൽ, ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ തുടർ നടപടികളുടെ ഭാഗമായി ശ്രീ.റഷീദ്.പി.എസ്., ലസ്കറുടെ അനധികൃത ഹാജരില്ലാ യ്മയിൽ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) 15-ാം ചട്ട പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുവാൻ അന്വേഷണ ഉദ്യോഗ സ്ഥനെ ചുമതലപ്പെടുത്തുകയും അപ്രകാരം ലഭ്യമായ റിപ്പോർട്ടിൽ ടിയാന് തിരികെ ജോലിയിൽ പ്രവേശിക്കുവാൻ താല്പര്യമില്ലെന്നും ഓസ്ട്രേലിയായിൽ കുടുംബമായി താമസിക്കുകയാണെന്നും ടിയാന്റെ ഭാര്യ അവിടെ ജോലി ചെയ്യുകയാണെന്നും മക്കൾ

രണ്ടുപേരും പഠിക്കുകയാണെന്നും ഓസ്ട്രേലിയായിൽ തന്നെ തുടരാനാണ് താല്പര്യ മെന്നും ടിയാന് ഓസ്ട്രേലിയൻ പൗരത്വം ലഭിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. 25/06/2017 മുതൽ സർവ്വീസിൽ നിന്നും വിട്ടു നിന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കിയും വിദേശത്ത് ജോലി ലഭിക്കുന്നതിനായി അനുവദിക്കപ്പെട്ട ശൂന്യവേതനാവധിയിൽ ഇരിക്കെ ശ്രീ.റഷീദ്.പി.എസ്. ഓസ്ട്രേലിയൻ പൗരത്വം നേടിയതും സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമായതിനാലും ടിയാനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും അന്വേഷണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ ടിയാൻ അനധികൃതമായി ഹാജരാകാതിരുന്ന 25.06.2017 മുതൽ ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ താല്കാലികമായി തീരുമാനിച്ചുകൊണ്ടുള്ള തിരുവനന്തപുരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 20.12.2021-ലെ വിജി.2/29830/2019 നമ്പർ കാരണം കാണിക്കൽ നോട്ടീസ് ടിയാന് നൽകുകയും ചെയ്തു.

കാരണം കാണിക്കൽ നോട്ടീസ് ടിയാൻ കൈപ്പറ്റിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി, ലസ്കറായ ശ്രീ. റഷീദ്. പി.എസ്.നെ 25.06.2017 മുതൽ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യാനുള്ള താല്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് അച്ചടക്ക നടപടി അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ചീഫ് എഞ്ചിനീയർ

ശ്രീ.റഷീദ് പി.എസ്.,
പേഴുംകാട്ടിൽ വീട്,
വീട്ട് നമ്പർ 120 ബി., വാർഡ് - 4,
കാരുപാറ, മുതലത്തോട്ടം പി.ഒ
കുമാരമംഗലം പഞ്ചായത്ത്
തൊടുപുഴ
**Whatsapp No. +61478112138**

പകർപ്പ് :-

1. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (പ്രോജക്ട്)
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ സബ് ഡിവിഷൻ, തൊടുപുഴ
3. ഇറിഗേഷൻ വെബ് സൈറ്റ്.
4. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ സൗത്ത് സർക്കിൾ, തിരുവനന്തപുരം
5. വിജിലൻസ് 8 സീറ്റ്.

sud30/5/2022